(ബി) വരിങ്ങലോറമല ഐ.എച്ച്.ഡി.പി.കോളനി ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തികളെല്ലാം പൂർത്തിയായി. വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ കമ്മീഷൻ ചെയ്യാവുന്നതാണ്. പുന്തർ പുഴയിൽ നിലവിലുള്ള കിണറിന്റെ അഭിവൃദ്ധിപ്പെടുത്തൽ ജോലികളും പമ്പ് ഹൗസ് നിർമ്മാണവും നടന്നുവരുന്നു. പമ്പിംഗ് മെയിനിന് ആവശ്യമായ പൈപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

(സി) പണികൾ പൂർത്തിയാക്കി 3/2001-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൂടൽക്കടവ് ശുദ്ധജലവിതരണ പദ്ധതി

49 (1716) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിൽപ്പെട്ട കൂടൽക്കടവ് ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം എന്താണ് ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി ആരംഭിച്ചത് എന്നാണ് ; സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തവിഞ്ഞാൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ശുദ്ധീകരണശാലയും ജലസംഭരണിയും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്നും ലഭിക്കാൻ വൈകിയതും ആവശ്യമായ പൈപ്പ് ലഭിക്കാതിരുന്നതുമാണ് കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

(ബി) 8/2000 ത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 1989-ലാണ് ഈ പദ്ധതിയുടെ പ്രവർത്തി ആരംഭിച്ചത്. സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രവർത്തനക്ഷമമായി ശുദ്ധജലവിതരണം നടത്തി വരുന്നു. ഔപചാരികമായ ഉദ്ഘാടനം നടത്തിയിട്ടില്ല.

തരൂർ II വില്ലേജിലെ ശുദ്ധജലവിതരണം

50 (1717) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly